**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 196** **04-03-2025 - ൽ മറുപടിയ്ക്ക്**

**മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ എം മുകേഷ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ വന്നശേഷം സംസ്ഥാനത്തെ മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി 2024 സെപ്റ്റംബർ 27 ന് മന്ത്രി തലത്തിൽ അവലോകന യോഗം നടത്തിയിരുന്നു. |
| (ബി) | വിഴിഞ്ഞം തുറമുഖത്തിന്റെ വികസന സാധ്യതകൾ കണക്കിലെടുത്ത് സംസ്ഥാനത്തെ ഇടത്തരം തുറമുഖങ്ങൾ കൂടി നവീകരിച്ച് കടൽവഴിയുള്ള ചരക്ക് ഗതാഗതം പരിപോഷിപ്പിക്കുന്നതിനും തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | വിഴിഞ്ഞം തുറമുഖം പ്രവർത്തനക്ഷമമാകുന്നതോടുകൂടി കേരള തീരത്തുകൂടി കടൽ വഴിയുള്ള ചരക്ക് ഗതാഗതം കൂടുതൽ ഊർജ്ജിതമാകുമെന്നു കണക്കാക്കുന്നു. നോൺ മേജർ തുറമുഖങ്ങളായ വിഴിഞ്ഞം-കോവളം, കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നിവിടങ്ങളിൽ ചരക്ക്/യാത്രാ കപ്പലുകൾ അടുപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിലവിലുണ്ട്. കപ്പൽ ചാനലിന്റെ ആഴം കൂട്ടിയും, അഡീഷണൽ വാർഫുകൾ നിർമ്മിച്ചും, കൂടുതൽ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | കേരള മാരിടൈം അക്കാദമി കാലോചിതമായി പരിഷ്കരിക്കുന്നതിനും അതിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | കേരള മാരിടൈം സൊസൈറ്റിയുടെ കീഴിലുള്ള നീണ്ടകര മാരിടൈം അക്കാഡമി സ്വകാര്യ പങ്കാളിത്തത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള മാരിടൈം അക്കാഡമിയായി വികസിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൊടുങ്ങല്ലൂർ മാരിടൈം അക്കാഡമിയിൽ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് അംഗീകൃത കോഴ്സുകൾ നടത്തുന്നതിനുള്ള അപേക്ഷ സമർപ്പിച്ച് അംഗീകാരം നേടിയെടുക്കുന്നതിനുള്ള നടപടികൾ തുടരുന്നു. ഈ രണ്ട് അക്കാഡമികളെയും മികവിന്റെ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ